പതിനാലാം കേരള നിയമസഭ

(രണ്ടാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6063 04/11/2016-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | എ) ഉ ണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതിന് 2000 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 500 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 250 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. |
| ബി) ഭവനം പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിവരിക്കുമോ; | ബി) മേൽ പദ്ധതികൾ പ്രകാരം ഭവനപുനരുദ്ധാരണത്തിനായി 50,000/- രൂപ വീതമാണ് അനുവദിയ്ക്കുന്നത്. |
| സി) ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കമോ; | സി) മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഡി) എന്തു തുകയാണ് പദ്ധതി നിർവ്വഹണത്തിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | ഡി) 2016-17 സാമ്പത്തിക വർഷം മേൽ പദ്ധതികളുടെ നിർവ്വഹണത്തിനായി 2250 ലക്ഷം രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് |

സെക്ഷൻ ആഫീസർ

# അനുബന്ധം

**മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ**

1. അപേക്ഷകർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളി യായി രജിസ്റ്റർ ചെയ്ത് അംഗത്വം നേടിയവരായിരിക്കണം.
2. [redacted]
3. പുനരുദ്ധാരണം വഴി വാസയോഗ്യമാക്കാൻ കഴിയുന്ന വീട് സ്വന്തമായിട്ടുള്ളവരായ മത്സ്യ ത്തൊഴിലാളികൾ ആയിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.
4. അപേക്ഷകരുടെ വീടുകൾ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ അഞ്ചോ അതിൽകൂടു തലോ വർഷത്തെ പഴക്കമുള്ളതാണെന്ന് അപേക്ഷകൻ സാക്ഷ്യപ്പെടുത്തേതാണ്. എന്നാൽ ഫിഷറീസ് വകുപ്പിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, പുനരുദ്ധാരണത്തിനോ ഭവന നിർമ്മാണത്തിനോ കഴിഞ്ഞ അഞ്ച് വർഷ ത്തിനകം ധനസഹായം ലഭിച്ചവർ യോഗ്യരല്ല
5. അസിസ്റ്റന്റ് എൻജിനീയറിൽ കുറയാത്ത പദവിയിലുള്ള സർക്കാർ വകുപ്പിലെ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു എൻജിനീയർ, ടി ഭവനത്തെ പുനരുദ്ധാരണം വഴി വാസയോഗ്യമാക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സഹായം അനുവദിക്കുക. റിപ്പയറിംഗിനുള്ള എസ്റ്റിമേറ്റ് അപേക്ഷയോടൊപ്പം ഹാജരാ ക്കേണ്ടതില്ല. തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളിൽ നിന്നും ആവശ്യപ്പെട്ടാൽ മതി യാകും.
6. ഈ ആവശ്യത്തിലേക്കായി ഗുണഭോക്താവുമായി ജില്ലാതല ഉദ്യോഗസ്ഥൻ എഗ്രിമെന്റിൽ ഏർപ്പെടേണ്ട താണ്. ഒന്നാംഗഡു (50%) ഗുണഭോക്താവ് എഗ്രിമെന്റ് വയ്ക്കുമ്പോഴും 2-ാം ഗഡു (50%) പണി പൂർത്തികരിച്ചതിനുശേഷം ബന്ധപ്പെട്ട ഫിഷറീസ്‌വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന കംപ്ളീഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകേ ണ്ടതാണ്. കരാർ വച്ചതിനുശേഷം 3 മാസത്തിനകം പണി പൂർത്തികരിച്ചിരിക്കണം. ഇല്ലെങ്കിൽ 18% പലിശയ ടക്കം അഡ്വാൻസ് തുക തിരിച്ചടക്കേണ്ട താണെന്ന് എഗ്രിമെന്റിൽ വ്യവസ്ഥവയ്ക്കേണ്ട താണ്.
7. പരമാവധി ധനസഹായം 50,000/- രൂപയായിരിക്കും
8. എസ്റ്റിമേറ്റ് തുക 10,000/- രൂപയോ അതിൽകുറവോ ആണെങ്കിൽ എസ്റ്റിമേറ്റ് തുകയുടെ 90% വും 10,000/- രൂപയിൽ കൂടുതലാണെങ്കിൽ എസ്റ്റിമേറ്റ് തുകയുടെ 80% ധനസഹാ യം നല്കാം. ആയത് 50,000 രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല.
9. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടു ക്കുന്ന അതേ മാനദണ്ഡപ്രകാരം അതേ ജില്ലാതല ഗുണഭോക്തൃ തിരഞ്ഞടുപ്പ് കമ്മിറ്റി വഴി തെരഞ്ഞെടുക്കേണ്ടതാണ്.
10. 10% ഗുണഭോക്താക്കളെ സർക്കാർ ക്വാട്ടയിൽ തിരഞ്ഞെടുക്കപ്പെടുന്നതാണ്.
11. ഭൂമി/ ഭവനത്തിന്റെ കൈവശാവകാശം തെളിയിക്കുന്ന റവന്യു/ വില്ലേജ് അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

12. താമസിച്ചു കിട്ടുന്നതും അപേക്ഷ പൂർണമായും പൂരിപ്പിച്ചു ഒപ്പിടാത്തതുമായ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

13. **വാസയോഗ്യമായ വേറെ ഭവനം സ്വന്തം പേരിലോ ഭാര്യയുടെ പേരിലോ ഉണ്ടാകാൻ പാടില്ല. എന്നാൽ നിയമപരമായി ബന്ധം വേർപ്പെടുത്തി താമസിക്കുന്നവരുടെ കാര്യത്തിൽ ഈ നിബന്ധന ബാധകമല്ല.**

സെക്ഷൻ ഓഫീസർ